Draft #5 of File 87143/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 25-Nov-2021 11:33 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല**

87143/AC A1-2/2021/AC A 1 25.11.2021

| | |
|---|---|
| വിഷയം :- | സ.ഉ.(സാധാ)നം.115/2021/ഉ.വി.വ. തീയതി 27.08.2021 സർക്കാർ ഉത്തരവ് സർവ്വകലാശാലാതലത്തിൽ നടപ്പിലാക്കുന്നത്-സംബന്ധിച്ച്:- |

സൂചന :-1.)സ.ഉ.(സാധാ)നം.789/2021/ഉ.വി.വ. തീയതി 15.06.2021

2.)നമ്പർ 87143/AC A 1-2/2021/AC A 1 തീയതി 04.10.2021

3.)സ.ഉ.(സാധാ)നം.115/2021/ഉ.വി.വ. തീയതി 27.08.2021

കോവിഡ് -19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച ലോക് ഡൗൺ കാലയളവിലുള്ള പ്രതിസന്ധി പരിഗണിച്ച്, സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സ്വാശ്രയ കോളേജുകളിലെയും വിദ്യാർത്ഥികളുടെ ഫീസ് കുറവ് ചെയ്യുന്നത് സംബന്ധിച്ച സൂചന (1) സർക്കാർ ഉത്തരവ് സർവ്വകലാശാലാതലത്തിൽ നടപ്പിലാക്കികൊണ്ട് സൂചന (2) പരിപത്രം പുറപ്പെടുവിച്ചിരുന്നു. എന്നാൽ സൂചന (1) സർക്കാർ ഉത്തരവിൽ താഴെപറയുംവിധം വ്യക്തത നൽകിക്കൊണ്ട് സൂചന (3) സർക്കാർ ഉത്തരവായിരിക്കുന്നു.

"സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സ്വാശ്രയ കോളേജുകളും ട്യൂഷൻ ഫീസും പരീക്ഷാ ഫീസും യൂണിവേഴ്സിറ്റി ഫീസും ഒഴികെയുള്ള മറ്റെല്ലാ ഫീസുകളും ആനുപാതികമായി കുറവ് ചെയ്യണമെന്നും, ട്യൂഷൻ ഫീസും പരീക്ഷാ ഫീസും യൂണിവേഴ്സിറ്റി ഫീസും ഒഴികെയുള്ള ഫീസുകൾ അടക്കാത്തതിന്റെ പേരിൽ കുട്ടികൾക്ക് ഓൺലൈൻ ക്ലാസുകളും പരീക്ഷകളും നിഷേധിക്കരുതെന്നും വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു."

മേൽ സർക്കാർ ഉത്തരവ് സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ സ്വാശ്രയ കോളേജുകളും കർശനമായി പാലിക്കേണ്ടതാണ്.

സൂചന (2) പരിപത്രം ഇപ്രകാരം പരിഷ്കരിച്ചിരിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ഉള്ളടക്കം:-സൂചന (3) ഉത്തരവ്

**കാഞ്ചന എൻ.നായർ**

**അസിസ്റ്റന്റ് രജിസ്ട്രാർ I (അക്കാദമിക്)**

**രജിസ്ട്രാർക്ക് വേണ്ടി**

പകർപ്പ്

1.സർവ്വകലാശാലാ അഫിലിയേറ്റഡ് കോളേജുകൾ
2.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ /പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4.എ.ആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )
5.ഓഡിറ്റ്/അക്കൗണ്ട്സ്/ ഫിനാൻസ്/ പരീക്ഷ / അക്കാദമിക് സെക്ഷനുകൾ
6.പി.ആർ.ഒ / എൻക്വയറി/ ഐ.ക്യൂ.എ .സി /യൂണിവേഴ്സിറ്റി വെബ് സൈറ്റ്
7.എ സി എ 1/ആക്ഷൻ ടേക്കൺ റിപ്പോർട്ട് / കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ
8.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #5 of File 87143/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 25-Nov-2021 11:33 PM - Page 2

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

ഉന്നതവിദ്യാഭ്യാസ വകുപ്പ് - കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിൽ ഫീസ് കുറവ് ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശം - വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.1115/2021/ഉ.വി.വ തീയതി,തിരുവനന്തപുരം, 27/08/2021

---

പരാമർശം: 15.06.2021 തീയതിയിലെ സ.ഉ. (സാധാ.) നം. 789/2021/ഉ.വി.വ. നമ്പർ കത്ത്.

**ഉത്തരവ്**

കോവിഡ് -19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ റഗുലർ ക്ലാസുകൾ നടക്കാത്ത സാഹചര്യത്തിൽ ട്യൂഷൻ ഫീസും പരീക്ഷാ ഫീസും യൂണിവേഴ്സിറ്റി ഫീസും ഒഴികെയുള്ള മറ്റെല്ലാ ഫീസുകളും പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സ്വാശ്രയ കോളേജുകളും ആനുപാതികമായി കുറവ് ചെയ്യണമെന്നും ഫീസുകൾ അടയ്ക്കാത്തതിന്റെ പേരിൽ കുട്ടികൾക്ക് ഓൺലൈൻ ക്ലാസുകളും പരീക്ഷകളും നിഷേധിക്കരുതെന്നും പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) എന്നാൽ ഫീസ് കുറവ് ചെയ്യുന്നത് സംബന്ധിച്ച് ചില തെറ്റിദ്ധാരണകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സ്വാശ്രയ കോളേജുകളും ട്യൂഷൻ ഫീസും പരീക്ഷാ ഫീസും യൂണിവേഴ്സിറ്റി ഫീസും ഒഴികെയുള്ള മറ്റെല്ലാ ഫീസുകളും ആനുപാതികമായി കുറവ് ചെയ്യണമെന്നും, ട്യൂഷൻ ഫീസും പരീക്ഷാ ഫീസും യൂണിവേഴ്സിറ്റി ഫീസും ഒഴികെയുള്ള ഫീസുകൾ അടയ്ക്കാത്തതിന്റെ പേരിൽ കുട്ടികൾക്ക് ഓൺലൈൻ ക്ലാസുകളും പരീക്ഷകളും നിഷേധിക്കരുതെന്നും വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വേണു വി ഐഎഎസ്
അഡീഷണൽ ചീഫ് സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ്, പ്രജോ ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.
ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ, കേരള, ചാരാച്ചിറ, തിരുവനന്തപുരം

രജിസ്ട്രാർ, കേരള / മഹാത്മാഗാന്ധി / കാലിക്കറ്റ് / കണ്ണൂർ / ശ്രീ ശങ്കരാചാര്യ സംസ്കൃത / തുഞ്ചത്തെഴുത്തച്ഛൻ മലയാളം / എ.പി.ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക / നുവാൽസ് / ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല

ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പലിന് (സർവകലാശാല രജിസ്ട്രാർ മുഖേന)

മഹാത്മാഗാന്ധി സർവകലാശാല, കേരളം

www.highereducation.kerala.gov.in
ഉന്നതവിദ്യാഭ്യാസ (ജെ, കെ, എൽ) വകുപ്പ്
ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്
ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം